**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 6114 — 20.11.2019-ൽ മറുപടിക്ക്

## പട്ടികവിഭാഗക്കാർക്കായി ഒഴിച്ചിട്ട തസ്തികകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.എൻ.എ ഖാദർ :** | | എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) | |
| എ) | പട്ടികവിഭാഗക്കാർക്കായി സർക്കാർ സർവീസിൽ സംവരണം ചെയ്തിട്ടുള്ള എത്ര തസ്തികകൾ നിലവിൽ ഒഴിഞ്ഞു കിടക്കുന്നുവെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ; | എ) | 2019 ഏപ്രിൽ മുതൽ ജൂൺ മുതലുള്ള കാലയളവിൽ വിവിധ വകുപ്പുകളിൽ നിന്നും ലഭ്യമായ പ്രതിമാസ പുരോഗതി പട്ടികയുടെ അടിസ്ഥാനത്തിൽ നടത്തിയ ത്രൈമാസ അവലോകന പ്രകാരം സർക്കാർ സർവ്വീസിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി 1149 ഒഴിവുകളും പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി മാത്രം 1227 ഒഴിവുകളും നിലവിലുണ്ട്. |
| ബി) | പട്ടികവിഭാഗക്കാർക്കായി നീക്കിവച്ച ഒഴിവുകളിൽ വേണ്ടത്ര ഉദ്യോഗാർത്ഥികളെ ലഭിക്കാത്ത വേളയിൽ സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്ത് യോഗ്യതയിൽ ഇളവു നൽകി സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്താൻ പി.എസ്.സി. അനുമതി നൽകിയിരുന്നോ; വ്യക്തമാക്കുമോ; | ബി) & സി) | വിവിധ സർക്കാർ/അർദ്ധ സർക്കാർ/കമ്പനി/കോർപ്പറേഷൻ/ബോർഡ് തുടങ്ങിയ വകുപ്പുകളിലേക്ക് ഒരു തസ്തികയ്ക്ക് ഒരു സ്പെഷ്യൽ റൂൾ മാത്രമാണ് നിലവിലുള്ളത്. പ്രസ്തുത സ്പെഷ്യൽ റൂൾ അടിസ്ഥാനമാക്കിയാണ് ഓരോ തസ്തികയും വിജ്ഞാപനം ചെയ്യുന്നതും തുടർന്ന് അനുബന്ധ തെരഞ്ഞെടുപ്പ നടപടികൾ സ്വീകരിക്കുന്നതും. പട്ടികവിഭാഗക്കാർക്കായി നീക്കിവച്ച ഒഴിവുകളിൽ വേണ്ടത്ര ഉദ്യോഗാർത്ഥികളെ ലഭിക്കാത്ത സാഹചര്യത്തിൽ യോഗ്യതയിൽ ഇളവ് വരുത്തി വിശേഷാൽ ചട്ടങ്ങൾ രൂപീകരിക്കേണ്ട വകുപ്പുകളും തസ്തികകളും സംബന്ധിച്ച് പി.എസ്.സി വിശദാംശങ്ങൾ ലഭ്യമാക്കിയിരുന്നു. ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിച്ച് |
| സി) | ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | വിശേഷാൽ ചട്ടം രൂപീകരിക്കുന്നതിന് ബന്ധപ്പെട്ട ഭരണ വകുപ്പുകളായ ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ്, പട്ടികവർഗ്ഗ വികസന വകുപ്പ്, വ്യവസായ വകുപ്പ്, പൊതുമരാമത്ത് വകുപ്പ്, വിവരസാങ്കേതിക വിദ്യാ വകുപ്പ്, ധനകാര്യ വകുപ്പ്, റവന്യൂ വകുപ്പ്, ഭക്ഷ്യ പൊതുവിതരണ വകുപ്പ്, പിന്നാക്ക സമുദായ വികസന വകുപ്പ്, ഗതാഗത വകുപ്പ്, പൊതുഭരണ (സ്പെഷ്യൽ-ഇ) വകുപ്പ് എന്നീ വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിരുന്നു. കൂടാതെ ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ എച്ച്.എസ്.എസ്.റ്റി – ഹിസ്റ്ററി തസ്തികയിൽ എസ്.റ്റി വിഭാഗത്തിനായി സംവരണം ചെയ്ത ഒഴിവുകളിൽ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുന്നതിന് വിശേഷാൽ ചട്ടങ്ങളിൽ ഭേദഗതി വരുത്തി നൽകുന്നതിന് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് നിലവിൽ ഹയർ സെക്കന്ററി വകുപ്പ് ഡയറക്ടറുടെ പരിഗണനയിലാണ്. |

**സെക്ഷൻ ഓഫീസർ**